# മാധ്യമം

15 November 2019


# പിടക്കുന്ന മീനും തത്സമയ അടുക്കളയും; ഭക്ഷ്യ-മത്സ്യ-കാർഷിക മേളക്ക് രുചിയേറെ

**കൊച്ചി:** പിടക്കുന്ന മീൻ, സ്വാദൂറുന്ന മീൻ വിഭവങ്ങൾ, കർഷക സംഘങ്ങൾ ഉൽപാദിപ്പിച്ച അനേകം കാർഷിക ഉൽപന്നങ്ങൾ തുടങ്ങിയവ കൊണ്ട് ശ്രദ്ധേയമായ ഭക്ഷ്യ-മത്സ്യ-കാർഷികമേളയിൽ ആദ്യ ദിവസം തന്നെ വൻ തിരക്ക്. കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിക്കുന്ന മേളയിൽ കർഷകർ കൃഷിയിടങ്ങളിൽനിന്ന് നേരിട്ടെത്തിച്ച കാളാഞ്ചി, തിലാപ്പിയ മത്സ്യങ്ങൾ ജീവനോടെ വാങ്ങാൻ മത്സ്യപ്രേമികളുടെ ഒഴുക്കായിരുന്നു.

500 കിലോയിലധികം മീനാണ് ആദ്യദിനം വിറ്റത്. മേളയുടെ ഭാഗമായൊരുക്കിയ ലൈവ് കിച്ചണിൽ തിലാപ്പിയ വിവിധ വിഭവങ്ങളായി ചൂടോടെ കഴിക്കാനും തിരക്ക് അനുഭവപ്പെട്ടു.



ഭക്ഷ്യ-മത്സ്യ-കാർഷികമേളയിൽ കൃഷിയിടത്തിൽനിന്നെത്തിച്ച കാളാഞ്ചി മത്സ്യത്തെ പിടിക്കാൻ ശ്രമിക്കുന്ന ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ

സ്വദേശി ശാസ്ത്രപ്രസ്ഥാനവുമായി സഹകരിച്ചാണ് പരിപാടി. മേളയിലെ മറ്റൊരു പ്രധാന ആകർഷണമാണ് കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഡ്രോണിന്റെ പ്രദർശനം. കീടനാശിനി തളിക്കാനും രോഗബാധ പരിശോധിക്കാനും ഡ്രോൺ കൃഷിയിടത്തിന് മുകളിൽ പറപ്പിക്കാം.

ലക്ഷദ്വീപിലെ തനത് ഉൽപന്നങ്ങൾ വാങ്ങാനും അവസരമുണ്ട്. ചൂരമീനിൽനിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളായ മാസ്മിൻ, ഉണക്കിയ ചൂര, അച്ചാറുകൾ തുടങ്ങിയവക്ക് പുറമെ, ദ്വീപ് വെളിച്ചെണ്ണ, പലഹാരങ്ങൾ എന്നിവയും ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സ്റ്റാളിൽ ലഭ്യമാണ്.

സി. എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ മേള ഉദ്ഘാടനം ചെയ്തു.

രാവിലെ 10 മുതൽ രാത്രി ഒമ്പതുവരെയാണ് മേളയുടെ സമയം. പ്രവേശനം സൗജന്യം.